| 25-10-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, നിങ്ങൾ പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കൂ, ഇതിൽത്തന്നെ ജ്ഞാനം, ഭക്തി, വൈരാഗ്യം ഇതു മൂന്നും അടങ്ങിയിട്ടുണ്ട്, ഇത് പുതിയ പഠിപ്പാണ്.**

**ചോദ്യം** – സംഗമത്തിൽ ജ്ഞാനയോഗത്തോടൊപ്പം ഭക്തിയും നടക്കുന്നുണ്ട് – എങ്ങിനെ?
**ഉത്തരം** – വാസ്തവത്തിൽ യോഗത്തെ ഭക്തി എന്നും പറയാൻ സാധിക്കും. കാരണം നിങ്ങൾ കുട്ടികൾ അവ്യഭിചാരി ഓർമ്മയിലാണ് ഇരിക്കുന്നത്. നിങ്ങളുടെ ഈ ഓർമ്മ ജ്ഞാനസഹിതമാണ്, അതുകൊണ്ട് ഇതിനെ യോഗം എന്ന് പറയുന്നു. ദ്വാപരം മുതൽ കേവലം ഭക്തിയാണ് നടക്കുന്നത്, ജ്ഞാനമില്ല, അതു കൊണ്ട് ആ ഭക്തിയെ യോഗമെന്ന് പറയാൻ സാധിക്കില്ല. അതിൽ ഒരിക്കലും ലക്ഷ്യബോധമില്ല. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനവും ലഭിച്ചിരിക്കുന്നു, യോഗവും ചെയ്യുന്നുണ്ട്, പിന്നെ നിങ്ങൾക്ക് പരിധിയില്ലാത്ത സൃഷ്ടിയോട് വൈരാഗ്യവുമുണ്ട്.

**ഗീതം** – ആരോ എന്നെ തന്റേതാക്കി പുഞ്ചിരിക്കാൻ പഠിപ്പിച്ചു...

**ഓം ശാന്തി** – പരിധിയില്ലാത്ത ബാബ മനസ്സിലാക്കിത്തരികയാണ് – ശാസ്ത്രത്തിന്റെ പഠിപ്പ്, അതൊരു പഠിപ്പല്ല, കാരണം ശാസ്ത്രത്തിന്റെ പഠിപ്പിൽ ഒരു ഉദ്ദേശ്യലക്ഷ്യവുമില്ല. ശാസ്ത്രത്തിലൂടെ ആരും ലോകത്തെ അറിയുന്നില്ല, അമേരിക്ക എവിടെയാണ്, ആരാണ് കണ്ടുപിടിച്ചത്, ഈ കാര്യങ്ങളൊന്നും ശാസ്ത്രങ്ങളിലില്ല. പറയാറുണ്ട്, ഇന്നയാൾ കണ്ടുപിടിച്ചു. മറ്റു സ്ഥലങ്ങളും അന്വേഷിച്ച് കണ്ടുപിടിക്കുന്നുണ്ട് തങ്ങൾക്ക് താമസിക്കുന്നതിനുവേണ്ടി. കാണുന്നുണ്ട് മനുഷ്യർ കൂടുതലായിരിക്കുന്നു, താമസിക്കുന്നതിനു വേണ്ടി സ്ഥലം ആവശ്യമല്ലേ? ഇപ്പോൾ ഈ കാര്യങ്ങളെല്ലാം പഠിപ്പ് സംബന്ധിച്ചതാണ്, ഇതിനെ വിദ്യാഭ്യാസമെന്ന് പറയുന്നു. നിങ്ങളുടേ ഇതും വിദ്യാഭ്യാസമാണ്. ഇതിനെ ആശ്രമമെന്ന് പറയുമോ, സ്ഥാപനമെന്ന് പറയുമോ അതോ യൂണിവേഴ്സിറ്റിയെന്ന് പറയുമോ? ഇതിൽ എല്ലാം വരുന്നു. ആ പഠിപ്പിന്റെ ഭൂപടമെല്ലാം വേറെയാണ്. ശാസ്ത്രത്തിലൂടെ വെളിച്ചം ലഭിക്കുന്നില്ല, പഠിപ്പിലൂടെ വെളിച്ചം ലഭിക്കുന്നുണ്ട്. നിങ്ങളുടേതും പഠിപ്പാണ്. വൈകുണ്ഠമെന്ന് ഏതിനെയാണ് പറയുന്നത്? ഇത് ലോകത്തിലെ പഠിപ്പിലോ, ശാസ്ത്രത്തിന്റെ പഠിപ്പിലോ ഇല്ല. ഈ നോളേജ് പുതിയതാണ്. ഒരു ബാബയാണ് പറയുന്നത്. മനുഷ്യർ പറയും സ്വർഗ്ഗവും നരകവും എല്ലാം ഇവിടെയാണ്. ബാബ മനസ്സിലാക്കിത്തരികയാണ് സ്വർഗ്ഗം, നരകം എന്ന് എന്തിനെയാണ് പറയുന്നത്. ഈ കാര്യങ്ങൾ ശാസ്ത്രത്തിലില്ല. ലോകത്തിലെ പഠിപ്പിലുമില്ല. ഇത് പുതിയ കാര്യമായതുകാരണം മനുഷ്യരും ആശയക്കുഴപ്പത്തിലാണ്, അവർ പറയും ഈ ജ്ഞാനം ഒരിക്കലും കേട്ടിട്ടില്ല. ഇത് പുതിയ വണ്ടർഫുൾ ആയ കാര്യമാണ്. ഇതാരും കേൾപ്പിച്ചു തന്നിട്ടില്ല. ഇത് തികച്ചും പുതിയ കാര്യമാണ്. ലോകത്തിലെ വിദ്യാഭ്യാസമുള്ളവർക്കും കേൾപ്പിക്കാൻ സാധിക്കില്ല, സന്യാസിമാർക്കും കേൾപ്പിക്കാൻ സാധിക്കില്ല അതുകൊണ്ടാണ് പരമപിതാ പരമാത്മാവിനെ ജ്ഞാനത്തിന്റെ സാഗരനെന്ന് പറയുന്നത്. പരിധിയില്ലാത്ത ഹിസ്റ്ററി ജ്യോഗ്രഫിയാണ് മനസ്സിലാക്കിത്തരുന്നത്. ജ്ഞാനത്തിലൂടെ സ്വർഗ്ഗത്തിന്റെയും നരകത്തിന്റേയും വിസ്താരവും കേൾപ്പിക്കുകയാണ്. ഇത് പുതിയ കാര്യമല്ലേ? ഈ പഠിപ്പിൽ എല്ലാമുണ്ട് – ജ്ഞാനവുമുണ്ട്, യോഗവുമുണ്ട്, പഠിപ്പുമുണ്ട്, ഭക്തിയുമുണ്ട്. യോഗത്തെ ഭക്തിയെന്നും പറയാം, കാരണം ഒന്നിനോടൊപ്പം യോഗം വെക്കലാണ്, ഓർമ്മിക്കലാണ്. ഭക്തിയിലുള്ളവരും ഓർമ്മിക്കുന്നുണ്ട്, പൂജ ചെയ്യുന്നുണ്ട്, പാടുകയും ചെയ്യുന്നു. അവർ ഭക്തി ചെയ്യുന്നതിനെ യോഗം എന്ന് പറയാൻ പറ്റില്ല. നോക്കൂ, ഉദാഹരണത്തിന് മീര, കൃഷ്ണനുമായി യോഗം വെച്ചിരുന്നു, കൃഷ്ണനെ ഓർമ്മിച്ചിരുന്നു. പക്ഷേ അതിനെ ഭക്തിയെന്നാണ് പറയുക. അവരുടെ ബുദ്ധിയിൽ ലക്ഷ്യസ്ഥാനമില്ല. ഇതിനെ ജ്ഞാനം എന്നും പറയും, ഭക്തി എന്നും പറയും. യോഗം വെക്കുന്നു, ഒരാളെ ഓർമ്മിക്കുന്നു. സത്യയുഗത്തിൽ ഭക്തിയുമില്ല ജ്ഞാനവുമില്ല. സംഗമത്തിൽ ജ്ഞാനം, ഭക്തി രണ്ടുമുണ്ട്. ദ്വാപരം മുതൽ കേവലം ഭക്തി മാത്രമേ നടക്കുന്നുള്ളു. ആരെയാണ് ഓർമ്മിക്കുന്നത്, അതിനെ ഭക്തി എന്ന് പറയുന്നു. ഇവിടെ ജ്ഞാനവുമുണ്ട്, യോഗവുമുണ്ട്, ഭക്തിയുമുണ്ട്. അവർ കേവലം ഭക്തരാണ്, തത്വവുമായി യോഗം വെക്കുന്നു. പക്ഷേ അവരുടെ യോഗം അനേകരുമായിട്ടാണ്. അതുകൊണ്ടാണ് അവരെ ഭക്തരെന്ന് പറയുന്നത്. നിങ്ങളുടേത് അവ്യഭിചാരി യോഗമാണ്. ഇത് ജ്ഞാനസാഗരൻ സ്വയം പഠിപ്പിച്ചുതരുന്നു. ബാബയുമായി യോഗം വെക്കണം. അത് ആത്മാക്കൾക്ക് അറിയുന്നില്ല, നമുക്കറിയാം. പരംപിതാ പരമാത്മ ബാബയോടൊപ്പം ബുദ്ധിയോഗം വെക്കുന്നതിലൂടെ നമ്മളും ബാബയോടൊപ്പം പോകും. ഭക്തർ ഹനുമാനെ ഓർമ്മിക്കുന്നു, അതിന്റെ സാക്ഷാത്കാരം ഉണ്ടാകുന്നു, അതിനെ വ്യഭിചാരി ഓർമ്മ എന്ന് പറയുന്നു, ഇതാണ് അവ്യഭിചാരി യോഗം. കേവലം ഒരു ബാബയെ ഓർമ്മിക്കുന്നു. ഇതിൽ ജ്ഞാനം, ഭക്തി, വൈരാഗ്യം എല്ലാം ഒരുമിച്ചാണ്. അവരുടേതെല്ലാം വേറെ വേറെയാണ്, ഭക്തി വേറെ, ജ്ഞാനവും കേവലം ശാസ്ത്രത്തിന്റേതു മാത്രം. വൈരാഗ്യം പരിധിയുള്ളത്. ഇവിടെ പരിധിയില്ലാത്ത കാര്യമാണ്. നമുക്ക് പരിധിയില്ലാത്ത ബാബയെ

അറിയാം അതുകൊണ്ട് ബാബയെ ഓർമ്മിക്കണം. അവരും ശിവനെ ഓർമ്മിക്കുന്നുണ്ട്. പക്ഷേ വികർമ്മം വിനാശമാകുന്നില്ല. കാരണം അവർക്ക് കർത്തവ്യം അറിയുന്നില്ല, വികർമ്മം വിനാശമാക്കാനുള്ള ജ്ഞാന മില്ല. ഇവിടെ ബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകും. അവിടെ കാശി കൽവട്ടിൽ ദേഹ ത്യാഗം ചെയ്യുന്നു, അങ്ങിനെ അവരുടെ വികർമ്മങ്ങൾ വിനാശമാകുന്നു. അനുഭവിക്കേണ്ടിവരികയാണ്. പക്ഷേ നിങ്ങളെപ്പോലെ പതുക്കെ പതുക്കെ കർമ്മാതീതമായി മാറുന്നില്ല. അവരുടെ വികർമ്മം ശിക്ഷ കൾ അനുഭവിച്ചനുഭവിച്ച് അവസാനിക്കുന്നു, മാപ്പില്ല. ഇത് പഠിപ്പാണ്, ജ്ഞാനവുമുണ്ട്, യോഗവുമുണ്ട് , ഇതെല്ലാമുണ്ട്. പഠിപ്പിക്കുന്നത് ഒരു ബാബയാണ്. ഇതിനെ ആശ്രമം അഥവാ ഇൻസ്റ്റിറ്റ്യൂഷൻ എന്ന് പറയു ന്നു. എഴുതിവച്ചത് വളരെ നല്ലതാണ്. ആദ്യം ഓം മണ്ഡലി എന്ന പേര് തെറ്റായിരുന്നു. ഇപ്പോൾ മനസ്സി ലാക്കി ഈ പേര് വളരെ നല്ലതാണ്. ആർക്കുവേണമെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും, ബ്രഹ്മാകുമാർ നിങ്ങളുമാണ്, ബാബ എല്ലാവരുടേയും രചയിതാവാണ് എന്ന്. ബാബക്ക് ആദ്യം സൂക്ഷ്മ വതനം രചിക്കണം. ബ്രഹ്മാ, വിഷ്ണു, ശങ്കരൻ, സൂക്ഷ്മവതനവാസിയാണ്, പുതിയ സൃഷ്ടിയെ രചിക്ക ണമെങ്കിൽ തീർച്ചയായും പ്രജാപിതാ ബ്രഹ്മാവ് വേണം. സൂക്ഷ്മവതനത്തിലുള്ളവർക്ക് ഇവിടെ വരാൻ സാധിക്കില്ല. അവർ സമ്പൂർണ്ണമായും അവ്യക്തമാണ്. ഇവിടെ സാകാരത്തിൽ ബ്രഹ്മാവു വേണം. എവിടെ നിന്നാണ് വരുന്നത്? മനുഷ്യർക്ക് ഈ കാര്യത്തെ മനസ്സിലാക്കാൻ സാധിക്കുന്നില്ല. ചിത്രമില്ലേ? ബ്രഹ്മാവി ലൂടെ ബ്രാഹ്മണർ ജനിച്ചു. പക്ഷേ ബ്രാഹ്മണർ എവിടെ നിന്നാണ് വന്നത്. പിന്നീട് ദത്തെടുക്കലുണ്ടാകു ന്നു. ഏതെങ്കിലും രാജാവിന് കുട്ടികളില്ലായെങ്കിൽ ദത്തെടുക്കുന്നത് പോലെ. ബാബയും ബ്രഹ്മാവിനെ ദത്തെടുത്തിരിക്കുകയാണ്. പിന്നീട് പേരു മാറ്റി, പ്രജാപിതാ ബ്രഹ്മാവ്. മുകളിലുള്ളവർക്ക് താഴെ വരാൻ സാധിക്കില്ല. താഴെയുള്ളവർക്ക് മുകളിൽ പോകണം. അവർ അവ്യക്തമാണ്, ഇതാണെങ്കിൽ വ്യക്തമാണ്. ഈ രഹസ്യത്തെ നല്ലരീതിയിൽ മനസ്സിലാക്കണം. കാരണം എല്ലാവർക്കും ചോദ്യങ്ങളുണ്ടാകും. പറയാ റുണ്ട് ദാദയെ ചിലപ്പോൾ ബ്രഹ്മാവെന്നും, ചിലപ്പോൾ ഭഗവാനെന്നും, കൃഷ്ണനെന്നും പറയുന്നു.... ഇപ്പോൾ ഈ ബ്രഹ്മാവിനെ ഒരിക്കലും ഭഗവാനെന്ന് പറയാൻ സാധിക്കില്ല. ബാക്കി ബ്രഹ്മാവ്, കൃഷ്ണൻ എന്നൊക്കെ പറയാൻ സാധിക്കും. കാരണം കൃഷ്ണനും കറുക്കുന്നുണ്ട്. എപ്പോഴാണോ രാത്രിയാകുന്നത്, അപ്പോൾ പറയും ബ്രഹ്മാവ്, എപ്പോഴാണോ പകലാകുന്നത് അപ്പോൾ പറയും കൃഷ്ണൻ. കൃഷ്ണന്റെ ആത്മാവിന് ഇപ്പോഴിത് അന്തിമജന്മമാണ്, പിന്നെ ശ്രീകൃഷ്ണനാണ് ആദ്യജന്മം. ഇത് ക്ലിയർ ആയിട്ടെഴുതണം. 84 ജന്മം രാധാകൃഷ്ണന്റെ അഥവാ ലക്ഷ്മീനാരായണന്റെ എന്ന് പറയണം. ഇവിടെ അവരെ പിന്നീട് ദത്തെടുക്കു ന്നു. ബ്രഹ്മാവിന്റെ പകലും ബ്രഹ്മാവിന്റെ രാത്രിയുമുണ്ടാകുന്നു. അതുതന്നെയാണ് പിന്നീട് ലക്ഷ്മീനാരാ യണന്റെ പകലും രാത്രിയും. അവരുടെ വംശാവലിക്കും ഇങ്ങനെ സംഭവിക്കുന്നു.

നിങ്ങളിപ്പോൾ ബ്രാഹ്മണകുലത്തിലേതാണ്. പിന്നീട് ദേവതാകുലത്തിലേതായി മാറും. ബ്രഹ്മാകുമാർ – ബ്രഹ്മാകുമാരിമാരുടെ പകലും രാത്രിയുമുണ്ടാകുന്നു. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യമാണ്. ചിത്ര ത്തിൽ ക്ലിയർ ആണ് – താഴെ തപസ്സു ചെയ്തുകൊണ്ടിരിക്കുകയാണ്, അന്തിമജന്മമാണ്. ബ്രഹ്മാവ് എവി ടെനിന്നാണ് വന്നത്? ആരിലൂടെ ഉണ്ടായതാണ്? ബ്രഹ്മാവിനെ ദത്തെടുക്കുകയാണ്. രാജാവ് ദത്തെടു ക്കുമ്പോൾ പിന്നെ രാജകുമാരനെന്ന് പറയുന്നു. നിയമനം കൊടുക്കാറുണ്ട്– ഇന്നയിടത്തെ രാജകുമാരൻ . ആദ്യം രാജകുമാരനായിരുന്നില്ല. രാജാവ് ദത്തെടുത്തു, പിന്നീട് രാജകുമാരൻ എന്ന് പേരുവന്നു. ഈ സമ്പ്രദായം നടന്നുകൊണ്ടേയിരിക്കുകയാണ്. ഇത് കുട്ടികളുടെ ബുദ്ധിയിലുണ്ടായിരിക്കണം. ലോകത്തി ലുള്ളവർ അറിയുന്നില്ല, ബാബ എങ്ങിനെയാണ് പഴയ ലോകത്തിന്റെ വിനാശം ചെയ്ത് പുതിയ ലോക ത്തിന്റെ സ്ഥാപന ചെയ്യുന്നത്? ഈ വെളിച്ചം നിങ്ങൾ കുട്ടികൾക്കുണ്ട്. നിങ്ങളിലും നമ്പർവാറാണ്. മുന്നോ ട്ടുപോകുന്തോറും ചെറിയ ചെറിയ പെൺകുട്ടികൾ വളരെ തീവ്രഗതിയിൽ പോകും, കാരണം കുമാരിമാ രാണ്. എഴുതപ്പെട്ടിട്ടുണ്ടല്ലോ കുമാരിമാരിലൂടെ ബാണമേറ്റു. കുമാരിമാരുടെ വിസ്മയം നമ്പർ 1 ആകും. മമ്മയും കുമാരിയാണ്, എല്ലാവരേക്കാളും വേഗത്തിൽ പോയി. പറയാറുണ്ട്, പുത്രി അമ്മയെ പ്രത്യക്ഷപ്പെ ടുത്തുമെന്ന്. അമ്മയിരുന്ന് ആരോടും സംസാരിക്കുന്നില്ല, ഇവിടെ അമ്മ ഗുപ്തമാണ്, ആ മമ്മ പ്രത്യക്ഷ മാണ്. നിങ്ങൾ ശക്തികളുടെ അഥവാ കുട്ടികളുടെ ജോലിയാണ് അമ്മയെ ഷോ ചെയ്യുക. വളരെ നല്ല നല്ല പെൺകുട്ടികളുണ്ട്, അവരുടെ പുരുഷാർത്ഥം വളരെ നല്ലതായി നടക്കും. കൗരവ സമ്പ്രദായത്തിൽ മഹാ രഥികളായ ചിലർക്ക് മുഖ്യമായ പേരുണ്ടല്ലോ, ഇവിടേയും മഹാരഥികൾക്കാണ് പേര്. ഏറ്റവും വലുതാണ് ശിവബാബ. ഉയർന്നതിലും ഉയർന്ന ഭഗവാൻ. ബാബയുടെത് ഉയർന്ന സ്ഥാനമാണ്. വാസ്തവത്തിൽ സ്ഥാനം (വസിക്കുന്ന സ്ഥാനം) നമ്മൾ ആത്മാക്കളുടേതും ഉയർന്നതാണ്. മനുഷ്യർ കേവലം മഹിമ പാടു ക മാത്രം ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷേ ഒന്നും അറിയുന്നില്ല.നമ്മൾ ആത്മാക്കൾ അവിടെ വസിക്കു ന്നവരാണ്. പക്ഷേ നമുക്ക് ജനനമരണത്തിലേക്ക് വന്ന് പാർട്ട് അഭിനയിക്കണം. പക്ഷേ ബാബ ജനനമരണ ത്തിലേക്ക് വരുന്നില്ല, പാർട്ടുണ്ട്, പക്ഷേ എങ്ങിനെയാണ് – ഇത് നിങ്ങളറിഞ്ഞു. ഇപ്പോൾ നിങ്ങൾ കുട്ടി കൾ മനസ്സിലാക്കി ഇത് ശിവബാബയുടെ രഥമാണ്. അശ്വം അഥവാ കുതിരയാണ്. ബാക്കി കുതിരവണ്ടി

യല്ല. ഈ മറവിയും ഡ്രാമയിൽ അടങ്ങിയതാണ്. പകുതി കൽപ്പത്തോളം നമ്മളും മറന്ന് അലഞ്ഞലഞ്ഞുപോയി. ഇപ്പോൾ വെളിച്ചം ലഭിച്ചു വളരെ ശ്രദ്ധാലുക്കളായി. അറിയാം ഈ പഴയ ലോകം അവസാനിക്കാനുള്ളതാണ്. നമുക്ക് നഷ്ടോമോഹയായി മാറണം. താമരപുഷ്പസമാനം ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും നഷ്ടോമോഹയാകാനുള്ള പുരുഷാർത്ഥം ചെയ്യണം. കടമ നിറവേറ്റണം, കൂടെയിരിക്കുകയും വേണം. ഈ ഭട്ടിയും ഉണ്ടാകേണ്ടതുണ്ടായിരുന്നു കൽപ്പം മുമ്പുണ്ടായിരുന്നത് പോലെ. ഇപ്പോൾ പറയുന്നത് ഇങ്ങിനെയാണ് ഗൃഹസ്ഥവ്യവഹാരത്തിലിരുന്ന് പരിശ്രമം ചെയ്യണം. വീടുപേക്ഷിക്കേണ്ട കാര്യം ഇവിടെയില്ല. ബ്രഹ്മാബാബയും വീട്ടിലല്ലേ ഇരുന്നത്. എത്ര കുട്ടികളാണ്. ലൗകികവും ഉണ്ടായിരുന്നല്ലോ. ഒന്നും ഉപേക്ഷിച്ചില്ല. സന്യാസി കാട്ടിലേക്ക് പോയി, നമ്മൾ നാട്ടിലാണ് ഇരിക്കുന്നത്. അവരോടുള്ള കടമകൾ നിറവേറ്റണം. അച്ഛന്റെ രചനയല്ലേ. അച്ഛൻ സമ്പാദിച്ച് കുട്ടികൾക്ക് സമ്പത്ത് കൊടുക്കുന്നു. ആദ്യം സമ്പത്ത് നൽകുന്നത് കാമവികാരത്തിന്റേത്. പിന്നെ അതിൽനിന്ന് വിടുവിച്ച് നിർവികാരിയാക്കി മാറ്റുന്നത് അച്ഛന്റെ തന്നെ ജോലിയാണ്. ഇങ്ങിനേയും ഉണ്ടാകും കുട്ടികൾ മാതാപിതാക്കൾക്ക് ജ്ഞാനം കൊടുക്കും, ചിലപ്പോൾ അച്ഛൻ കുട്ടികൾക്കും ജ്ഞാനം കൊടുക്കും.

ഇത് തന്നെയാണ് രാജയോഗം, അതാണ് ഹഠയോഗം. ആത്മാക്കൾക്ക് നോളേജ് ലഭിക്കുകയാണ് പരമാത്മാവിൽനിന്ന്. ഞാൻ (ബ്രഹ്മാവ്) രാജാക്കന്മാരുടേയും രാജാവായിരുന്നു, ഇപ്പോൾ ദരിദ്രനായിരിക്കുന്നു. ദരിദ്രനിൽനിന്നും രാജാവ് എന്ന മഹിമയുണ്ടല്ലോ. കുട്ടികൾക്കറിയാം നാം സൂര്യവംശികളായിരുന്നു, ഇപ്പോൾ ശൂദ്രവംശികളായി മാറി. ഇതും മനസ്സിലാക്കിക്കൊടുക്കണം– നരകവും സ്വർഗ്ഗവും വേറെയാണ്. മനുഷ്യർ ഇതറിയുന്നില്ല. നിങ്ങളിലും എത്രയോ കുട്ടികൾ ഒന്നും അറിയുന്നില്ല, കാരണം ഭാഗ്യത്തിലില്ല എങ്കിൽ എന്ത് പുരുഷാർത്ഥം ചെയ്യും? ചിലരുടെ ഭാഗ്യത്തിൽ ഒന്നുമില്ല. ചിലരുടെ ഭാഗ്യത്തിൽ എല്ലാമുണ്ട്. ഭാഗ്യം പുരുഷാർത്ഥം ചെയ്യിപ്പിക്കും. ഭാഗ്യത്തിലില്ലായെങ്കിൽ പുരുഷാർത്ഥം എന്തു ചെയ്യാനാണ്? ഒരേ സ്ക്കൂളാണ്, നടന്നുകൊണ്ടേയിരിക്കുന്നുണ്ട്, ചില കുട്ടികൾ പകുതിയിൽ വീഴും, ചില കുട്ടികൾ പോകെപ്പോകെ മരിക്കും. ജനിക്കുക, മരിക്കുക ഇത് എത്രയോ നടക്കുന്നു. ഈ നോളേജ് എത്ര വണ്ടർഫുള്ളാണ്! നോളേജ് വളരെ സഹജമാണ്, ബാക്കി കർമ്മാതീത അവസ്ഥ പ്രാപിക്കുന്നതാണ് വളരെ പരിശ്രമം. എപ്പോൾ വികർമ്മം വിനാശമാകുന്നോ അപ്പോഴെ പറക്കാൻ സാധിക്കൂ. ധ്യാനത്തിനേക്കാളും ശ്രേഷ്ഠം ജ്ഞാനമാണ്. ധ്യാനത്തിൽ മായയുടെ വിഘ്നങ്ങൾ വളരെയധികം ഉണ്ടാകും. അതുകൊണ്ട് ധ്യാനത്തേക്കാളും ജ്ഞാനം നല്ലതാണ്. യോഗത്തെക്കാളും ജ്ഞാനം നല്ലതാണ് എന്നല്ല. ധ്യാനത്തെക്കുറിച്ച് പറയാറുണ്ട്, ധ്യാനത്തിൽ പോകുന്നവരൊന്നും ഇന്നില്ല. യോഗത്തിലാണ് സമ്പാദ്യമുള്ളത്, വികർമ്മം വിനാശമാകുന്നു. ധ്യാനത്തിൽ ഒരു സമ്പാദ്യവുമില്ല. യോഗത്തിലും ജ്ഞാനത്തിലുമാണ് സമ്പാദ്യം. ജ്ഞാനയോഗമില്ലാതെ ഹെൽത്തും വെൽത്തും ഉണ്ടാക്കാൻ സാധിക്കില്ല. ചുറ്റിക്കറങ്ങലും ഒരു ശീലമാകാറുണ്ട് ഇത് ശരിയല്ല. ധ്യാനം വളരെ നഷ്ടങ്ങളുണ്ടാക്കും. ജ്ഞാനം സെക്കന്റിന്റേതാണ്. യോഗം ഒരിക്കലും സെക്കന്റിന്റേതല്ല. എവിടെ ജീവിക്കുന്നുവോ അവിടെ യോഗം ചെയ്തുകൊണ്ടേയിരിക്കണം. ജ്ഞാനം സഹജമാണ്, ബാക്കി എവർഹെൽത്തി, നിരോഗിയായി മാറുക ഇതാണ് പരിശ്രമം. അതിരാവിലെ എഴുന്നേറ്റ് യോഗത്തിലിരിക്കുന്നതിലും വിഘ്നങ്ങൾ ഒരുപാടുണ്ടാകും. പോയിന്റുകൾ ഉണ്ടാക്കിക്കൊണ്ടേയിരിക്കണം. അല്ലെങ്കിൽ ബുദ്ധി എവിടെയെങ്കിലും പോകും. ഏറ്റവും കൂടുതൽ കൊടുങ്കാറ്റ് ആദ്യ നമ്പറിലുള്ളവർക്കാണ് വരിക. ശിവബാബക്ക് വരില്ല. ബാബ എപ്പോഴും മനസ്സിലാക്കിത്തരികയാണ് കൊടുങ്കാറ്റ് വളരെയധികം വരും. എത്രത്തോളം ഓർമ്മയിലിരിക്കാൻ പരിശ്രമിക്കുന്നുവോ, അത്രയും കൊടുങ്കാറ്റ് വരും. കൊടുങ്കാറ്റിനെ ഭയപ്പെടരുത്, ഓർമ്മയിലിരിക്കണം, സ്ഥിരത ഉണ്ടാക്കണം. കൊടുങ്കാറ്റിന് ഇളക്കാൻ സാധിക്കരുത്, ഇത് അന്തിമ അവസ്ഥയാണ്. ഇത് ആത്മീയ മത്സരമാണ്. ശിവബാബയെ ഓർമ്മിച്ചുകൊണ്ടേയിരിക്കൂ. ഇത് മനസ്സിലാക്കുകയും ധാരണ ചെയ്യേണ്ടതുമായ കാര്യമാണ്. ധനം ദാനം ചെയ്യുന്നില്ലായെങ്കിൽ ധാരണയുണ്ടാകില്ല. പുരുഷാർത്ഥം ചെയ്യണം. രണ്ട് അച്ഛന്റെ പരിചയം ആർക്കും മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ ഈസിയാണ്. ഇതും നിങ്ങൾക്കറിയാം – ബാബ 21 ജന്മത്തിലേക്കുള്ള സമ്പത്ത് നൽകുന്നു. നിങ്ങൾക്ക് പറയാം ഈ ലക്ഷ്മീനാരായണന് ബാബയിൽനിന്ന് 21 ജന്മങ്ങളിലേക്കുള്ള സമ്പത്ത് ലഭിച്ചു. ബാബ അവരെ രാജയോഗം പഠിപ്പിച്ചു. ആർക്കും ഇങ്ങനെ പറയാൻ കഴിയില്ല അവർക്ക് ഭഗവാനാണ് സമ്പത്ത് കൊടുത്തത്. ലോകത്തിലുള്ളവർ ഏതേതൊക്കെയോ കാര്യത്തിൽ സന്തോഷിക്കുന്നു. നിങ്ങൾ ഏത് കാര്യത്തിലാണോ സന്തോഷിക്കുന്നത് അതിനെ അവർ അറിയുന്നില്ല. മനുഷ്യർ അൽപ്പകാലത്തെ ക്ഷണഭംഗുരമായ സന്തോഷം ആഘോഷിക്കുന്നു.ജ്ഞാനി യോഗിയായ നിങ്ങൾ സത്യമായ ബ്രാഹ്മണകുലഭൂഷണരാണ്. നിങ്ങളുടെ ഈ അതീന്ദ്രിയസുഖത്തിന്റെ സന്തോഷം ആർക്കും അറിയാൻ സാധിക്കുന്നില്ല. അവർ എന്തെന്തൊക്കെയോ കാര്യങ്ങളിൽ തലയിട്ടടിച്ചുകൊണ്ടിരിക്കുന്നു. ചന്ദ്രനിലേക്ക് പോകാൻ പ്രയത്നിക്കുന്നു. വളരെ ബുദ്ധിമുട്ടുള്ള കാര്യങ്ങളിൽ പരിശ്രമിക്കുന്നു. അവരുടെ എല്ലാ പരിശ്രമങ്ങളും നിഷ്ഫലമാണ്. നിങ്ങൾ ഒരു പരിശ്രമവും കൂടാതെ എവിടേക്ക് പോകാനുള്ള പുരുഷാർത്ഥമാണോ ചെയ്യുന്നത് അവിടേക്ക് ആർക്കും

പോകാൻ സാധിക്കില്ല. ഒറ്റയടിക്ക് ഉയർന്നതിലും ഉയർന്ന പരംധാമത്തിലേക്ക് പോകും. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1) ഗൃഹസ്ഥവ്യവഹാരത്തിലിരുന്നും നഷ്ടോമോഹയായി മാറണം. ഒപ്പം എല്ലാവരോടുമുള്ള കടമ നിറവേറ്റിയും താമരപുഷ്പസമാനമായി മാറണം.

2) ധാരണക്കുവേണ്ടി ജ്ഞാനധനത്തെ തീർച്ചയായും ദാനം ചെയ്യണം. ജ്ഞാനയോഗത്തിലൂടെ തന്റെ സമ്പാദ്യം ഉണ്ടാക്കണം. ബാക്കി ധ്യാനസാക്ഷാത്കാരത്തിന്റെ ആശ വെക്കരുത്.

## വരദാനം - സന്തുഷ്ടതയുടെ സർട്ടിഫിക്കറ്റിലൂടെ ഭാവി രാജ്യഭാഗ്യത്തിന്റെ സിംഹാസനം പ്രാപ്തമാക്കുന്ന സന്തുഷ്ടമൂർത്തിയായി ഭവിക്കട്ടെ.

സന്തുഷ്ടമായിരിക്കണം സർവരെയും സന്തുഷ്ടമാക്കണം- ഈ സ്ലോഗൻ സദാ താങ്കളുടെ മസ്തകമാകുന്ന ബോർഡിൽ എഴുതിയിരിക്കണം എന്തെന്നാൽ ഇതേ സർട്ടിഫിക്കറ്റുള്ളവരാണ് ഭാവിയിൽ രാജ്യഭാഗ്യത്തിന്റെ സർട്ടിഫിക്കറ്റെടുക്കുക. അപ്പോൾ പതിവായി അമൃതവേളയിൽ ഈ സ്ലോഗൻ സ്മൃതിയിൽ കൊണ്ടുവരൂ. ബോർഡിൽ സ്ലോഗൻ എഴുതുമ്പോലെ സദാ താങ്കളുടെ മസ്തകമാകുന്ന ബോർഡിൽ ഈ സ്ലോഗൻ ഓടിക്കൂ അപ്പോൾ എല്ലാവരും സന്തുഷ്ടമൂർത്തികളാകും. ആരാണോ സന്തുഷ്ടം അവർ സദാ പ്രസന്നമാണ്.

## സ്ലോഗൻ - പരസ്പരം സ്നേഹ- സന്തുഷ്ടതാ സമ്പന്ന വ്യവഹാരം ചെയ്യുന്നവർ തന്നെയാണ് സഫലതാമൂർത്തിയാകുന്നത്